

കേരള സർക്കാർ

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി,
2013-14 വർഷ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/1942/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
തീയതി :13.01.2020

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി,
കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി,
തിരുവനന്തപുരം.

സർ,

വിഷയം: തിരുവനന്തപുരം ജില്ലയിലെ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

തിരുവനന്തപുരം ജില്ലയിലെ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
2) ഗവ. സെക്രട്ടറി, സാംസ്കാരിക വകുപ്പ്, ഗവ. സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം (ഉ.പ.സ.).

3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/1942 /2019 തീയതി :13.01.2020

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീ.മുഹമ്മദ് നിസാർ.എ. ജോയിന്റ് ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ചസമയം	14.10.2019 മുതൽ 18.10.2019വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം	ശ്രീ. സാബു.ജി, ഓഡിറ്റ് ഓഫീസർ ശ്രീമതി. ബിന്ദുലത.ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീമതി. സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ. രാജു.കെ, ഓഡിറ്റർ കുമാരി വിനീത.പി.പി, ഓഡിറ്റർ
നിർവ്വഹണാധികാരികൾ	സെക്രട്ടറി ശ്രീ. ബാബു കുഴിമറ്റം, (01.04.2013 മുതൽ 31.03.2014 വരെ)

ഭാഗം -1

പൊതു അവലോകനം

1-1 ആമുഖം

1955 ലെ തിരുവിതാംകൂർ-കൊച്ചി-ശാസ്ത്ര സാഹിത്യ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജി.നം.946/95 തീയതി 08.02.1995). ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കൗൺസിലുമാണ്.

സാംസ്കാരിക വകുപ്പ് മന്ത്രി ചെയർമാനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ജനറൽ കൗൺസിലിൽ ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി സെക്രട്ടറി ഉൾപ്പെടെ രണ്ടു വിദഗ്ധരും, നാമനിർദ്ദേശം ചെയ്യപ്പെട്ട 9 മെമ്പർ മാരുമാണുള്ളത്. എക്സിക്യൂട്ടീവ് കൗൺസിലിലുള്ള 9 മെമ്പർമാരിൽ ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി, വിദഗ്ധ മെമ്പർ, എം.എൽ.എ, എം.പി. ജനറൽ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് മെമ്പർമാർ, ജനറൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്.

1-2 ലക്ഷ്യവും പ്രവർത്തനവും

സർക്കാർ വകുപ്പുകളും, സ്ഥാപനങ്ങളും പ്രസിദ്ധീകരിക്കുന്ന ബുക്കുകൾ ജനങ്ങളിലെത്തിക്കുക എന്നതാണ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. കൂടാതെ വിവിധ സ്ഥലങ്ങളിൽ പുസ്തകമേളകൾ, പുസ്തക പ്രദർശനങ്ങൾ എന്നിവ നടത്തി പുസ്തകങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കാനും അതുവഴി അവയുടെ വിൽപന കൂട്ടാനും നടപടികൾ സ്വീകരിച്ചു വരുന്നു.

1-3 ബജറ്റ്

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ മെമ്മോറാണ്ടത്തിൽ ഖണ്ഡിക 9 (4), ഖണ്ഡിക 13 (4) എന്നിവയിൽ ബജറ്റ് പാസാക്കി അംഗീകാരം വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനം 2013-14ൽ അത്തരത്തിൽ ബജറ്റ് പാസാക്കി അംഗീകാരം വാങ്ങിയിട്ടില്ല. എന്നാൽ ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നതിന് വേണ്ടി ഓരോ വർഷവും പ്രതീക്ഷിത ചെലവുകൾ മാത്രം സർക്കാരിന് സമർപ്പിക്കുന്നുണ്ട്. 26.03.2013ൽ കൂടിയ ഭരണസമിതി പ്രതീക്ഷിത ചെലവുകൾ അംഗീകരിച്ച് സർക്കാരിന് സമർപ്പിച്ചു.

KFC Vol.1 ആർട്ടിക്കൾ 40-44 പ്രകാരം ബജറ്റ് പാസ്സാക്കാതെ ഇക ചെലവഴിക്കാൻ പാടില്ല എന്ന നിബന്ധന 2013-14 വർഷവും നടപ്പാക്കിയിട്ടില്ല. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

1-4 വാർഷിക കണക്കുകളിലെ അപാകതകൾ

എ) തൻവർഷ മുന്നിരുപ്പ് മുൻവർഷ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരം 2012-13 ലെ നീക്കിയിരുപ്പ് 96,98,362/- രൂപയാണ്. എന്നാൽ തൻവർഷ വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരുപ്പ് ഇക 12,73,847/- രൂപ മാത്രമാണ്. മുന്നിരുപ്പ് ഇകയിൽ 84,24,515/- രൂപയുടെ വ്യത്യാസമുള്ളതായി കാണുന്നു. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

ബി) വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരുപ്പ്, നീക്കിയിരുപ്പ് എന്നിവ ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരുപ്പ്, നീക്കിയിരുപ്പ് എന്നിവ ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ.

	വാർഷിക കണക്കുകൾ പ്രകാരം	ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം
മുന്നിരുപ്പ്	12,73,847/-	21,53,128/-
നീക്കിയിരുപ്പ്	20,95,485/-	18,17,928/-

വാർഷിക കണക്കുകൾ പ്രകാരം 20,95,485/-രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 18,17,928/-രൂപ മാത്രമാണ് നീക്കിയിരിപ്പ്. വർഷാന്ത്യ നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സി) ആകെ വരവ്, ചെലവു പി.ഡി. രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവു ചെലവുകൾ സ്ഥാപനത്തിന്റെ പി.ഡി. രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

	2013-14		
	വാർഷിക കണക്കുകൾ പ്രകാരം	പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരം	വ്യത്യാസം
ആകെ ചെലവ്	4,27,09,680/-	2,44,41,790/-	1,82,67,890/-
ബുക്ക് മാർക്കിന്റെ തനതു വരവുകൾ	3,86,81,318/-	2,05,36,605/-	1,81,44,713/-

ഡി) വാർഷിക കണക്കുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ 2013-14 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള വിവിധ ചെലവുകൾ സ്ഥാപനത്തിന്റെ പി.ഡി. അക്കൗണ്ട് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
ഉദാഹരണങ്ങൾ ചുവടെ.

ചെലവിനം	2013-14	
	വാർഷിക കണക്കുകൾ പ്രകാരം	പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരം
സാലറി,ബോണസ്	52,30,714.00	51,11,843.00
ഓഫീസ് ചെലവുകൾ	3,21,875.00	3,00,000.00
വാടക	6,26,844.00	6,04,523.00
പബ്ലിഷിംഗ് ചാർജ്ജസ്	3,40,41,551.00	3,38,47,976.00

ഹെഡ് ഓഫീസ് മെയിന്റനൻസ്	53,427.00	10,927.00
എക്സിബിഷൻ ചെലവുകൾ	5,96,648.00	5,99,648.00
ബ്രാഞ്ച് ഓപ്പണിംഗ് ചെലവുകൾ	2,95,974.00	3,52,974.00
ടി.എ, ഡി.എ.	1,15,721.00	45,112.00
വാഹനങ്ങളുടെ ഇൻഷ്വറൻസ്, നികുതി, മെയിന്റനൻസ്	1,42,943.00	11,23,697.00

വാർഷിക കണക്കിൽ ബുക്ക് മാർക്കിന്റെ തനതു വരവായി 3,86,81,318/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ബുക്ക് മാർക്കിന് ഹെഡ് ഓഫീസിൽ നിന്നുള്ള നേരിട്ടുള്ള വില്പന, ബ്രാഞ്ചുകളിൽ നിന്നുള്ള വില്പന, വിവിധ എക്സിബിഷനുകളിൽ നിന്നുള്ള വരവ്, പ്രദർശന വാഹനങ്ങളിൽ നിന്നുള്ള വില്പന വരവ് എന്നിങ്ങനെ വിവിധ മാർഗങ്ങളിൽ നിന്നുള്ള വരവുകളുണ്ടെങ്കിലും ഇനം തിരിച്ച വരവു കണക്ക് വാർഷിക കണക്കിലുൾപ്പെടുത്തിയിട്ടില്ല. 2013-14 കാലയളവിൽ വരവ് രജിസ്റ്റർ പ്രകാരം ആകെ വരവ് 1,25,30,829/- രൂപയും, പി.ഡി. രജിസ്റ്റർ പ്രകാരമുള്ള വരവ് 3,61,281/- രൂപയും ആണ്. പ്രസ്തുത തുകകൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.9/15.10.2019, 11/15.10.2019, 18/17.10.2019) മറുപടി തൃപ്തികരമല്ല. പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളാണ് ശരിയെന്നും, വാർഷിക കണക്കുകളിൽ അപാകത ഉണ്ടായത് എപ്രകാരമെന്ന് വ്യക്തമല്ലെന്നുമുള്ള നിരുത്തരവാദത്തോടെയുള്ള മറുപടിയാണ ലഭ്യമാക്കിയിട്ടുള്ളത്. വ്യക്തമായ മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-5 ആഭ്യന്തര നിയന്ത്രണം

എ) വരവു കണക്കുകൾ യഥാവിധി സൂക്ഷിക്കുന്നില്ല

സ്ഥാപനത്തിന്റെ വരവ് കണക്കുകൾ ശരിയായ വിധം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിപണന കേന്ദ്രങ്ങൾ, വിവിധ മേളകൾ, സഞ്ചരിക്കുന്ന പുസ്തകശാലകൾ, ഹെഡ് ഓഫീസ് സെയിൽസ് തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിൽ നിന്നും ലഭിക്കുന്ന തുകയാണ് സ്ഥാപനത്തിന്റെ പ്രധാന വരവുകൾ. സെയിൽസ് ബില്ലുകൾ പ്രകാരമുള്ള വരവുകൾ രേഖപ്പെടുത്തുന്നതിന് കളക്ഷൻ രജിസ്റ്റർ ഉപയോഗിക്കുന്നില്ല. കളക്ഷൻ തുക ക്യാഷ് ആയി ഹെഡ് ഓഫീസിൽ ഒടുക്കുമ്പോഴും, ഡിഡി/ചെക്ക് ആയി ഹെഡ് ഓഫീസിൽ നൽകുമ്പോഴും പ്രസ്തുത തുകയ്ക്കുള്ള കൈപ്പറ്റ് രസീത് നൽകുന്നില്ല. സ്ഥാപനം ഹാജരാക്കിയ രസീതുകളിൽ മിക്കവയിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

ബി) ചെലവു കണക്കുകൾ യഥാവിധി സൂക്ഷിക്കുന്നില്ല

ബുക്ക് മാർക്കിന്റെ ചെലവിലെ മുഖ്യഭാഗവും പ്രസാധന ചെലവാണ്. പ്രസാധകരിൽ നിന്നും ബുക്കുകൾ സ്വീകരിച്ച് വിപണനം നടത്തുകയും, അതിൽ നിന്നുള്ള കമ്മിഷൻ ഉപയോഗിച്ച് ഓഫീസ് ചെലവുകൾ നടത്തുകയുമാണ് ബുക്ക് മാർക്കിന്റെ പ്രവർത്തന രീതി. പ്രസാധകരിൽ നിന്നും പുസ്തകങ്ങൾ കൈപ്പറ്റിയത്, വിപണനം നടത്തിയത്, വിപണനം അടിസ്ഥാനമാക്കി പ്രസാധകർക്ക് തുക നൽകിയതു സംബന്ധിച്ച രേഖകൾ എന്നിവയൊന്നും സ്ഥാപനം യഥാവിധി സൂക്ഷിച്ചിട്ടില്ല.

സി) പ്ലാൻ, നോൺപ്ലാൻ ചെലവുകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നില്ല

സ്ഥാപനത്തിന് സർക്കാർ പ്ലാൻ ചെലവുകൾക്കായി ഗ്രാന്റ് അനുവദിക്കുന്നുണ്ട്. പ്ലാൻ ഗ്രാന്റ് പ്രധാനമായും എക്സിബിഷനുകൾ, മേളകൾ എന്നിവയുടെ നടത്തിപ്പിനായാണ് അനുവദിക്കുന്നത്. എന്നാൽ എക്സിബിഷൻ, മേളകൾ എന്നിവയുടെ വരവു ചെലവു കണക്കുകൾ അപ്രകാരം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. വരവിൽ നിന്നും ചെലവുകൾ നിർവഹിച്ച ശേഷമുള്ള നീക്കിയിരുപ്പ് മാത്രമാണ് പണമായോ, ഡി.ഡി.യായോ സ്ഥാപനത്തിൽ എത്തുന്നത്. ആയതിനാൽ സർക്കാർ ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടോയെന്ന് കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല (ഖ. 2-1കാണുക)

ഡി) വരവിൽ നിന്നും ചെലവുകൾ ചെയ്തശേഷമുള്ള തുകയാണ് അക്കൗണ്ടിൽ ഒടുക്കുന്നത്

ബ്രാഞ്ചുകൾ, വിവിധ എക്സിബിഷനുകൾ, പ്രദർശന വാഹനങ്ങൾ എന്നിവയിൽ നിന്നുമുള്ള വിറ്റ വരവിൽ നിന്നും ചെലവുകൾ നിർവഹിച്ച ശേഷം നീക്കിയിരുപ്പുള്ള തുകയാണ് ഡിഡി/ചെക്ക് ആയി ആസ്ഥാന കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുന്നത്.

ഇ) രജിസ്റ്ററുകളുടെ പരിപാലനം.

സ്ഥാപനത്തിലെ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. രജിസ്റ്ററുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. താഴെ പറയുന്ന രജിസ്റ്ററുകൾ സ്ഥാപനത്തിൽ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

1) ക്യാഷ് ബുക്ക്

2)രസീത് ബുക്കുകളുടെ സ്റ്റോക്ക രജിസ്റ്റർ.

3) പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

4) ജനറൽ സ്റ്റോക്ക് രജിസ്റ്റർ

5) ആസ്തി രജിസ്റ്റർ

1-6 വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിനു ഹാജരാക്കുന്നില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ (9) സബ്സെക്ഷൻ 1 പ്രകാരം ഓരോ സാമ്പത്തിക വർഷത്തെയും വരവ് ചെലവ് കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം (ജൂലൈ 31നകം) ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിൽ സ്ഥാപനം സമയക്ലിപ്ത പാലിക്കുന്നില്ല. വരും വർഷങ്ങളിൽ വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിനു ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ഗ്രാന്റ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2013-14 വർഷത്തിൽ 45 ലക്ഷം രൂപ ഗ്രാന്റിനത്തിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ് ലഭിച്ച ഉത്തരവ്	തുക	ട്രഷറിയിൽ വരവ് വന്ന തീയതി
GO(Rt) No.472/13/CAD date 11.10.2013	15,00,000/-	28.10.2013

GO(Rt)No.159/14/CAD date 14.03.2014	30,00,000/-	18.03.2014

ഗ്രാന്റിന്റെ വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

Sl.No	Item	Amount
1	Expense for book exhibition in 14 Districts	10,00,000/-
2	Expense forAnganavadi Book supply	5,00,000/-
3	Expense for Madrasa exhibition	10,00,000/-
4	Expense for RMSA exhibition	7,00,000/-
5	Expense for SC/ST, Panchayat Library exhibition	13,00,000/-
	Total	**45,00,000/-**

ഗ്രാന്റ് വിനിയോഗരേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം.5/19)സ്സ് മറുപടിയിൽ ബഡ്ജറ്റിൽ അനുവദിക്കുന്ന ആവശ്യങ്ങൾക്കു തന്നെയാണ് ഗ്രാന്റ് തുക വിനിയോഗിക്കുന്നതെന്നുള്ള മറുപടിയാണ് നൽകിയത്. വിനിയോഗം സാധൂകരിക്കുന്ന രേഖകളെന്നും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. എക്സിബിഷൻ ചെലവായ 5,96,648/- രൂപയും ശാഖകൾ ആരംഭിക്കുന്നതിലേയ്ക്കായി ചെലവ് ചെയ്തിട്ടുള്ള 2,95,974/- രൂപയും മാത്രമാണ് വാർഷിക കണക്കു പ്രകാരമുള്ള പ്ലാൻ ചെലവുകൾ. ഗ്രാന്റിന്റെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2-2 രസീതുകളിലെ അപാകതകൾ

രസീതു പ്രകാരമുള്ള വരവുകൾ പിഡി രജിസ്റ്റർ / ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി

2013-14 സാമ്പത്തിക വർഷത്തിൽ നടത്തിയ പുസ്തക പ്രദർശനത്തിന്റെ ഭാഗമായി ലഭിച്ച വരവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത തുകയുടെ ഒടുക്കു വിവരങ്ങൾ ട്രഷറി സ്റ്റേറ്റ്മെന്റിൽ ഉൽപ്പെട്ടുകാണുന്നില്ല.

തീയതി	രസീതു നമ്പർ	പുസ്തകം കൈപ്പറ്റിയ സ്ഥാപനം	ലഭിച്ച തുക
28.01.2014	14351 മുതൽ 14353 വരെ	GHS Perumbalam	2411
28.01.2014	14354 മുതൽ 14359 വരെ	VRM GHSS Vayalar	7228
28.01.2014	14360 മുതൽ 14369 വരെ	GHSS Kudasalad	15000
28.01.2014	14370 മുതൽ 14372 വരെ	GHSS Kunnam	7778
28.01.2014	14373 മുതൽ 14374 വരെ	GHSS Thalavady	1663
28.01.2014	14375 മുതൽ 14377 വരെ	GHSS Ramapuram	3040
31.01.2014	14378	RVG VHSS Channapady	1135
31.01.2014	14379	GHS Changanaserry	610
31.01.2014	14380 മുതൽ 14381 വരെ	GHSS Pannamattam	2173
31.01.2014	14382 മുതൽ 14385 വരെ	GHS Kanjirapally	3506
31.01.2014	14383 മുതൽ 14386 വരെ	GGHS Changanaserry	2575

31.01.2014	14387 മുതൽ 14389 വരെ	GHSS Kurichy	3290
31.01.2014	14390 മുതൽ 93വരെ	GHSS K S Mangalam	2631
31.01.2014	14395	GVHSS Vaikkam west	221
31.01.2014	14396	GHS Vechoor	1106
31.01.2014	14397	AJJM HS Thalayolaparambu	382
31.01.2014	14398	GHSS Nedumkunnam	1439
31.01.2014	14399	GHSS Kanakkari	865
		ആകെ	**57053/-**

കെ.എഫ്.സി വാല്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം വരവ് തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അക്കൗണ്ടിൽ ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വരവു തുക പൂർണ്ണമായും അക്കൗണ്ടിൽ ഒടുക്കുന്നതിനു പകരം വരവിൽ നിന്നും വിവിധ ചെലവുകൾ നിർവഹിക്കുന്നതിനായി തുക എടുത്തശേഷമുള്ള തുക മേള അവസാനിക്കുന്ന മുറയ്ക്കാണ് ട്രഷറിയിൽ ഒടുക്കുന്നത്. ആയതിനാൽ യഥാർത്ഥ വരവ്-ചെലവുകൾ ശരിയായ വിധത്തിൽ, രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ ഇത്തരം നടപടികൾ ഒഴിവാക്കുന്നതിന് കർശന നടപടികൾ ആവശ്യമാണ്.

2-3 ക്യാഷ് ബുക്ക് പരിപാലനം -അപാകതകൾ

കേരള ട്രഷറി കോഡ് 92(എ) പ്രകാരം സ്ഥാപനത്തിന്റെ എല്ലാ പണമിടപാടുകളും അതാതു ദിവസങ്ങളിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. TR-7 A മാതൃകയിലുള്ള ക്യാഷ് ബുക്കാണ് പരിപാലിച്ചിട്ടുള്ളതെങ്കിലും സ്ഥാപനത്തിന് ലഭിക്കുന്ന വരവുകൾ കൃത്യമായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

സ്ഥാപനത്തിന്റെ സെയിൽസ് വരവ്, ചെലവ് വിശദാംശങ്ങൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡി.ഡി. യായി സ്ഥാപനത്തിനു ലഭിക്കുന്ന വരവുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ ക്യാഷ്ബുക്കിൽ ഓരോ മാസവും ശമ്പളം, വാടക, യാത്രാബത്ത, ഓഫീസ് ചെലവുകൾ തുടങ്ങിയവക്കായി ട്രഷറിയിൽനിന്നും ചെക്ക് മുഖാന്തിരം പിൻവലിക്കുന്ന തുകയുടെ വരവ്, ചെലവ് വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പണമായി ലഭിക്കുന്ന വരവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് മേലധികാരി ഉറപ്പു വരുത്തേണ്ടതുമാണ്.

2-4 സെക്യൂരിറ്റി ഡിപ്പോസിറ്റ് വരവ് തുക - വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 3,50,000/- രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ വരവുണ്ട്. എന്നാൽ ഡി.ഡി. രജിസ്റ്റർ പരിശോധിച്ചതിൽ 18 പേരിൽ നിന്നും 25,000/- രൂപ വീതം ആകെ 4,50,000/- രൂപ വരവ് വന്നിട്ടുള്ളതായി കാണുന്നു. ആയതിനാൽ 1,00,000/- രൂപയുടെ വ്യത്യാസം കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (14/16.10.2019) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റിനത്തിൽ വന്ന വ്യത്യാസം പൊരുത്തപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 എക്സ്ബിഷൻ ചെലവ് രേഖകൾ ഹാജരാക്കിയില്ല 5,96,648/-രൂപ തടസ്സപ്പെടുത്തുന്നു.

വാർഷിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ പുസ്തക പ്രദർശന വിപണന മേളകൾ സംഘടിപ്പിച്ചതു വഴി 5,96,648/-രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ചെലവു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2013-14 വർഷം നടത്തിയ മേളകളുടെ വിശദാംശങ്ങൾ, മേളയിലെ പുസ്തക വിപണനയിലൂടെ ലഭിച്ച ആകെ തുക എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയില്ല. വരവ് തുകയിൽ നിന്നാണ് ചെലവ് നടത്തുന്നത്. ചെലവ് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/19)ക്ക് ഹെഡ് ഓഫീസിലും ബ്രാഞ്ചുകളിലുമായി വിവിധ മേളകൾ നടത്തിയിട്ടുണ്ടെന്നും മേളയുടെ മുഴുവൻ വരവും ചെലവുമാണ് കണക്കാക്കുന്നതെന്നുമുള്ള അവ്യക്തമായ മറുപടിയാണ് ഓഡിറ്റിനു ലഭ്യമാക്കിയത്. ചെലവു രേഖകളുടെ അഭാവത്തിൽ 5,96,648/-രൂപ തടസ്സപ്പെടുത്തുന്നു.

ടി തുകയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. 2 മാസത്തിനുള്ളിൽ രേഖകൾ ഹാജരാക്കാത്ത പക്ഷം, തുക തിരികെ ഈടാക്കി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

3-2 പെൻഷൻ കോൺട്രിബ്യൂഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല 86,050/- രൂപ തടസ്സപ്പെടുത്തുന്നു.

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിൽ അന്യത്ര വ്യവസ്ഥയിൽ സേവനത്തിലുണ്ടായിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് പെൻഷൻ കോൺട്രിബൂഷൻ അനുവദിച്ചിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഉദ്യോഗസ്ഥരുടെ പേര്	തുക
നോബിൾ രാജ്	22,458/-
സിന്ധു	50,900/-

സാല്യ.പി.റ്റി	12,692/-
ആകെ	**86,050/-**

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി(നം.8/19) നുള്ള മറുപടിയിൽ ഏ.ജി. ഓഫീസിൽ നിന്നുള്ള നിർദ്ദേശമനുസരിച്ചാണ് തുക ഒടുക്കിയെതെന്നും രേഖകൾ സമർപ്പിക്കുന്നതായി അറിയിച്ചുവെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 86,050/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3 വാടകക്കു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല

വാർഷിക കണക്കുകൾ പ്രകാരം ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് 2013-14 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 6,26,844/- രൂപ ചെലവു വന്നിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം, വാടക നിരക്ക്, ബന്ധപ്പെട്ട കരാറുകൾ, വാടക രജിസ്റ്റർ എന്നിവയുടെ അഭാവത്തിൽ കെട്ടിടങ്ങൾ വാടകക്ക് എടുക്കുന്നതിന് പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നും, വാടക നിരക്ക് നിർണ്ണയിച്ചതിനുള്ള മാനദണ്ഡം എന്താണെന്നും പരിശോധിക്കാനായില്ല. വാടക നൽകിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3-4 ഓഡിറ്റ് ഫീ അനുവദിച്ചത് - ചെലവു തുക 53,933/- രൂപ തടസ്സപ്പെടുത്തുന്നു

2013-14 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് ഫീ ഇനത്തിൽ ശ്രീ. സുനിൽ രാജിന് 53,933/- രൂപ (ചെക്ക് നം.2896224/01.02.2014) അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിനായി ലഭ്യമാക്കിയ 2013-14 വർഷത്തെ വാർഷിക കണക്കുകളിലെ വരവു ചെലവു കണക്കുകളും, സ്ഥാപനത്തിന്റെ രജിസ്റ്ററുകളിലെ തുകയും തമ്മിൽ ഭീമമായ വ്യത്യാസമുണ്ട് (ഖണ്ഡിക നം. 1-4കാണുക). കൂടാതെ ഓഡിറ്റ് ഫീസ് കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്കു ലഭ്യമായില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം. 6/15.10.2019, 15/16.10.2019) ലഭ്യമാക്കിയ മറുപടി 2012-13 വർഷത്തെ ഇന്റേണൽ ഓഡിറ്റ് ഫീസ് ആണ് നൽകിയിട്ടുള്ളതെന്നും 2013-14ൽ ഇന്റേണൽ ഓഡിറ്റ് നടത്തിയിട്ടില്ലായെന്നുമാണ്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. രേഖകളുടെ അഭാവത്തിൽ 53,933/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-5 (എ) പ്രസാധകർക്ക് നൽകിയ തുകയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കു ലഭ്യമായില്ല

2013-14 സാമ്പത്തിക വർഷത്തിൽ പ്രസാധന ചെലവിനത്തിൽ 3,40,41,551/- രൂപ (വാർഷിക കണക്കുകൾ പ്രകാരം) സ്ഥാപനം ചെലവു ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവു പരിശോധിക്കുന്നതിലേക്കായി പ്രസാധകരിൽ നിന്നും ലഭ്യമായ ബിൽ/ വൗചർ,വില്പന നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(നം.4/19)ത്തിനുള്ള മറുപടിയിൽ പബ്ലിഷേഴ്സിനു നൽകിയ തുകയുടെ ബില്ലും ചെക്ക് ഇഷ്യൂ രജിസ്റ്ററും ഓഡിറ്റിനു ഹാജരാക്കിയിട്ടുണ്ടെന്നു അറിയിച്ചുവെങ്കിലും ചെക്ക് ഇഷ്യൂ രജിസ്റ്റർ മാത്രമാണ് ലഭ്യമാക്കിയത്. പബ്ലിഷർമാരുമായി വച്ചിട്ടുള്ള കരാർ, പബ്ലിഷർമാരിൽ നിന്നും കൈപ്പറ്റിയ ബുക്കുകൾ സ്റ്റോക്കിലെടുത്തത്, വില്പന നടത്തിയ ശേഷമുള്ള ബുക്കുകൾ തിരികെ നൽകിയതു സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല.

കേരള ബുക്ക് മാർക്ക് സൊസൈറ്റി മൊമ്മറാൻഡം ഖണ്ഡിക 18 പ്രകാരം വരവ് ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. രേഖകളും, രജിസ്റ്ററുകളും യഥാവിധി സൂക്ഷിച്ച് ഓഡിറ്റിനു വിധേയമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എ) പ്രസാധന ചെലവു സെറ്റിൽ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

15.05.2013 ന് ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസാധകർക്ക് തുക നൽകുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

1) ബുക്ക്മാർക്കിനു പുസ്തകം ലഭിച്ചാൽ ഒരു വർഷത്തിനകം വിറ്റ പുസ്തകത്തിന്റെ കണക്കു തീർക്കണം.

2) ഇടക്കാല സ്റ്റേറ്റ്മെന്റ് 6 മാസത്തിനുള്ളിൽ നടത്തിയിരിക്കണം

3) എല്ലാ വർഷവും ജനുവരിയിൽ വിറ്റതും, വിൽക്കാത്തതുമായ പുസ്തകങ്ങളുടെ സ്റ്റേറ്റ്മെന്റ് നൽകണം.
അല്ലെങ്കിൽ പുസ്തകങ്ങൾ മുഴുവനും വിറ്റതായി കണക്കാക്കും

മേൽ തീരുമാനങ്ങൾ പ്രകാരം ബുക് മാർക് തയ്യാറാക്കിയിട്ടുള്ള രേഖകൾ, വിവിധ പ്രസാധകർക്കു കൈമാറിയിട്ടുള്ള സ്റ്റേറ്റ്മെന്റുകൾ എന്നിവയൊന്നും തന്നെ ഓഡിറ്റിനു ലഭ്യമായില്ല. 2013-14 ൽ വിവിധ പ്രസാധകരിൽ നിന്നും ലഭിച്ച പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകളും ലഭ്യമായില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/15.10.2019) മറുപടി ലഭ്യമായില്ല.

(ബി) സ്വകാര്യ പ്രസാധകർക്കു നൽകിയ തുകയുടെ ചെലവു രേഖകൾ ലഭ്യമായില്ല - 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

2013-14 സാമ്പത്തിക വർഷത്തിൽ സ്വകാര്യ പ്രസാധകർക്കു അനുവദിക്കുന്നതിലേക്കായി ബുക് മാർക്ക് സെക്രട്ടറിയുടെ പേരിൽ ക്യാഷ് ആയി പി.ഡി. അക്കൗണ്ടിൽ നിന്നും പിൻവലിച്ച ചുവടെ ചേർക്കുന്ന തുകകൾക്കുള്ള ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

ക്രമ നം	ട്രഷറിയിൽ നിന്നു പിൻവലിച്ച തുക	ചെക്ക് നം/തീയതി-തുക
1	50,000/-	1631319/14.06.2013 -537616
2	1,00,000/-	1631320/31.07.2013 -653408
3	1,00,000/-	1631349/02.09.2013 - 789520
4	50,000/-	1631389/ രേഖപ്പെടുത്തിയിട്ടില്ല - 629027
5	1,00,000/-	2896223/01.02.2014 - 611879
ആകെ	**4,00,000/-**	

പ്രസാധകരുടെ കൈപ്പറ്റ് രേഖകൾ, ബുക്കുകൾ കൈപ്പറ്റി വിൽപന നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ അഭാവത്തിലും, ഓഡിറ്റ് അന്വേഷണത്തിന് (നം.11/15.10.2019) മറുപടി ലഭ്യമാക്കാത്തതിനാലും 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3-6 ബുക്ക് മാർക്കിന് വാഹനം നിലവിലുള്ളപ്പോൾ പുതിയ വാഹനം വാങ്ങി.

ബുക്ക്മാർക്കിന്റെ വാർഷിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 9,59,000/- രൂപ ചെലവഴിച്ച് നിസാൻ സണ്ണി (KL-01-BM-7828) എന്ന വാഹനം വാങ്ങിയിട്ടുണ്ട്. പ്രകാരം, ബുക്ക്മാർക്ക് ഹെഡ് ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഒരു കാർ വാങ്ങാൻ അനുവാദം നൽകണമെന്ന് സർക്കാരിനോട് 25.04.2013ൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 26.9.2013 ലെ സാംസ്കാരിക വകുപ്പ് (സി)2931/സി1/13കത്ത് പ്രകാരം ബുക്ക്മാർക്കിന്റെ തനത് ഫണ്ടിൽ നിന്നും വാഹനം വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകി. എന്നാൽ ഇതു സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

മരിക്കാർ മോട്ടോഴ്സ് തിരുവനന്തപുരത്തിന്റെ 9,59,000/-രൂപയുടെ ഇൻവോയിസ് മാത്രം വാങ്ങി വാഹനം വാങ്ങിയതായി കാണുന്നു. DGS&D റേറ്റ് കോൺട്രാക്ട് നിരക്കിലാണ് വാഹനം വാങ്ങിയതെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. സ്ഥാപനത്തിന് പുതിയ വാഹനം വാങ്ങുന്നതിനായി നിലവിലുണ്ടായിരുന്ന വാഹനമായ 4വർഷം മാത്രം പഴക്കമുള്ള TATA INDIGO (KL01 AV 7992) എന്ന വാഹനം ഉപയോഗശൂന്യമാണ് എന്ന് തെളിയിക്കുന്നത് സംബന്ധിച്ച രേഖകൾക്കായി ഓഡിറ്റ് എൻക്വയറി (16/17.10.2019) നല്കിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 2009 ജൂൺ മാസത്തിൽ നിർമ്മിച്ച 16.07.2009 ൽ രജിസ്ട്രേഷൻ നടത്തിയ പ്രസ്തുത വാഹനം നിലവിലിരിക്കേ പുതിയ വാഹനം വാങ്ങുന്നതിന്റെ ആവശ്യകത വ്യക്തമാക്കുവാൻ സ്ഥാപന അധികാരികൾക്ക് കഴിഞ്ഞിട്ടില്ല.

പുതിയ വാഹനം വാങ്ങിയ ശേഷം നിലവിലുള്ള വാഹനമായ TATA INDIGO ഇപ്പോൾ ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു.

ഇതിൽ നിന്നും പഴയ വാഹനം ഉപയോഗയോഗ്യമാണ് എന്ന് വ്യക്തമാണ്. 4 വർഷം മാത്രം പഴക്കമുള്ളതും ഉപയോഗ യോഗ്യമായതുമായ വാഹനം നിലവിലുള്ളപ്പോൾ, പുതിയ വാഹനം വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3-7 ചെലവു രേഖകൾ ലഭ്യമായില്ല - 16,31,582/- രൂപ തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന ചെലവുകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ ചെലവുമായി ബന്ധപ്പെട്ട ഫയലുകൾ, പരിശോധനക്കു ലഭ്യമാക്കിയില്ല.

ചെക്ക് നം., തീയതി	തുക നൽകിയത്	ആവശ്യം	ചെലവു തുക
1631316/14.6.13	കെൽട്രോണിന് അനുവദിച്ചത്	വ്യക്തമല്ല	202850
1631371/30.09.2013	പി.റ്റി. ചാക്കോ	വ്യക്തമല്ല	23700
1631384/01.11.2013	ഡിവിഷണൽ എഞ്ചിനീയർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കമ്പനി ലിമി.	വ്യക്തമല്ല	1039499
2896266/28.03.2014	സെക്രട്ടറി, ബുക്ക് മാർക്ക്	കലാചുവടു പതിപ്പകം (ഡിഡി)	125829
2896271/28.03.2014	സെക്രട്ടറി, ബുക്ക് മാർക്ക്	മാക് മില്ലൻ പബ്ലിഷേഴ്സ് ഇന്ത്യ പ്രൈ. ലിമി. നൽകാനുള്ളത്(ഡിഡി)	98920
2896216/ 13.01.2014	സെക്രട്ടറി, ബുക്ക് മാർക്ക്	RMSA എക്സിബിഷൻ ചെലവുകൾക്ക് മുൻകൂർ നൽകിയത്	100000
2896216/ 13.01.2014	സെക്രട്ടറി, ബുക്ക് മാർക്ക്	കട്ടപ്പന ബ്രാഞ്ച് ചെലവുകൾ	40784
ആകെ രൂപ			**1631582**

മേൽ ചെലവുകളുമായി ബന്ധപ്പെട്ട ഫയലുകൾ, രേഖകൾ, മുൻകൂർ ക്രമീകരിച്ചതിനുള്ള രേഖകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്കു (നം.6/15.10.2019, 11/15.10.2019) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 16,31,582/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല. ട്രഷറി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സ്ഥാപനം ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 2011-12, 2012-13 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2012-13ലെ നീക്കിയിരുപ്പ് 96,98,362/-രൂപയാണ്. എന്നാൽ 84,24,515/-രൂപ കുറവായാണ് 2013-14ലെ മുന്നിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. 84,24,515/-രൂപയുടെ വ്യത്യാസം വിശദീകരിക്കാനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ 96,98,362/-രൂപ മുന്നിരിപ്പായി സ്വീകരിച്ച്, വരവു-ചെലവു കണക്കുകൾ ക്രമീകരിക്കേണ്ടതും, ഓഡിറ്റിൽ വിശദീകരിക്കേണ്ടതുമാണ്. വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് 4,35,31,318/-രൂപയും ചെലവ് 4,27,09,680/-രൂപയും താല്ലാലികമായി എടുത്തിരിക്കുന്നു.

4-2 ഓഡിറ്റ് ചാർജ് *

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള
2013-14 ലെ ആകെ വരവ് : 4,35,31,318/-

കുറയ്ക്കുക

ഗവ. ഗ്രാന്റ് : 45,00,000/-
സെക്യൂരിറ്റി ഡെപ്പോസിറ്റ് – 3,50,000/-

ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് : 3,86,81,318/-

ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ : 3,86,813/-

31.03.2013 വരെ ഒടുക്കുവാൻ
അവശേഷിക്കുന്ന തുക : 23,96,174/-

31.03.2014 വരെ ഒടുക്കുവാൻ
അവശേഷിക്കുന്ന ആകെ ഓഡിറ്റ് ചാർജ് : 27,82,987/-
ഓഡിറ്റ് ചാർജ്ജ് വർഷം തിരിച്ചുള്ള വിവരങ്ങൾ

2010-11 വരെ	19,43,081/-
2011-12	2,92,228/-
2012-13	1,60,865/-
2013-14	3,86,813/-
ആകെ	27,82,987/-

2013-14 വരെയുള്ള ഓഡിറ്റ് ഫീസ് "0070-60-110-99 ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ ഒടുക്കി ഒറിജിനൽ ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്.

***കുറിപ്പ്-**കൃത്യമായ രേഖകളുടെ അഭാവത്തിൽ വാർഷിക കണക്കുകൾ അടിസ്ഥാനമാക്കി പ്രൊവിഷണലായി ഓഡിറ്റ് ചാർജ്ജ് കണക്കാക്കിയിരിക്കുന്നു.

4-3 ഓഡിറ്റ് പ്രത്യവലോകനം

a)സംക്ഷിപ്ത വിവരം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് : 4,35,31,318/-

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് : 4,27,09,680/-
വരവിനങ്ങളിലുള്ള നഷ്ടം : ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : 27,68,213/-
ചെലവിനങ്ങളിലെ നഷ്ടം : ഇല്ല

b) ബുക്ക് മാർക്ക് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

c) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

d) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസം
3-1	5,96,648/-	സെക്രട്ടറി ബാബു കഴിമറ്റം, കല്ലിയാങ്കൽ ഹൗസ്, കൊടുങ്ങാനൂർ, വട്ടിയൂർക്കാവ്
3-2	86,050/-	
3-4	53,933/-	
3-5 (ബി)	4,00,000/-	
3-7	16,31,582/-	
ആകെ	27,68,213/-	

e) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ബാബു കഴിമറ്റം 01.04.2013 മുതൽ 31.03.2014 വരെ		ബാബു കഴിമറ്റം, കല്ലിയാങ്കൽ ഹൗസ്, കൊടുങ്ങാനൂർ, വട്ടിയൂർക്കാവ്

4-4 അനുബന്ധ പത്രികകൾ

കേരള സംസ്ഥാന ബുക്ക് മാർക്കിന്റെ വരവ് ചെലവ് രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ രേഖകൾ സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാരണത്താൽ വരവ് ചെലവ് പത്രിക സാക്ഷ്യപ്പെടുത്താനായില്ല. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 2 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം-1

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി വരവ് ചെലവ് പത്രിക 2013-14

സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള വരവ് – ചെലവ് കണക്കുകളിൽ അനേകം അപാകതകൾ ഉള്ളതിനാലും പരിശോധനക്കു ലഭ്യമാക്കിയ രേഖകളുമായി പൊരുത്തപ്പെടാത്തതിനാലും വരവു ചെലവു കണക്കുകൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം-2

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2013-14 വർഷത്തെ വരവ്, ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. സ്ഥാപനം ലഭ്യമാക്കിയ രജിസ്റ്ററുകളുടെയും, രേഖകളുടെയും അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിലെ പരാമർശങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

R.25.01.2020